കേരളകൗമുദി

01 May 2017

# കാർത്തികേയനൊപ്പം കടലിലും ജീവിതത്തോണി തുഴയാൻ രേഖയുണ്ട്

▸ സ്വന്തം ലേഖകൻ



കാർത്തികേയനും ഭാര്യ രേഖയും

കൊച്ചി: കടലാഴങ്ങളിൽ ഭർത്താവിനൊപ്പം ചാകര തേടുന്ന രേഖ കേരളത്തിന് അഭിമാനമാകുന്നു. തൃശ്ശൂർ കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് വീട്ടിൽ കെ. വി കാർത്തികേയനും ഭാര്യ കെ. സി രേഖയുമാണ് അപൂർവ ദമ്പതികൾ.

കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന സ്ത്രീകൾ അത്യപൂർവമാണ്. വായ്പയെടുത്ത് വള്ളവും വലയും വാങ്ങി കടക്കെണിയിലായപ്പോഴാണ് കാർത്തികയേൻ തുണയ്ക്കായി രേഖയേയും കൂട്ടി കടലമ്മയുടെ കനിവ് തേടി ഇറങ്ങിയത്. എതിർപ്പുകൾ ഏറയുണ്ടായി. അതൊന്നും ഇരുവരും വകവച്ചില്ല. ഔട്ട്ബോർഡ് എൻജിൻ വള്ളത്തിൽ 1998 മുതൽ അങ്ങിനെ കടലിലും ജീവിതത്തോണി തുഴയുകയാണ് ഇരുവരും.

ബോട്ടിൽ കടലിൽ പോയി മീൻപിടിക്കുന്ന ഇന്ത്യയിലെ ആദ്യ വനിതയാണ് രേഖ. ദമ്പതികൾ ഒരുമിച്ച് കടലിൽ മത്സ്യബന്ധനിറങ്ങുന്നത് ലോകത്തിൽ തന്നെ അപൂർവ സംഭവം. 1998ലാണ് ഇരുവരും വിവാഹിതരായത്. തൊഴിലാളികൾ സമയത്ത് വരാത്തതിനാലും മറ്റും മത്സ്യം കൂടുതലായി ലഭിക്കുന്ന സമയത്ത് വള്ളം ഇറക്കാൻ കഴിയാതെ വന്നാണ് കടം കയറിയത്. ഗതികെട്ട് ഭാര്യയെ തന്നെ കൂടെ കൂട്ടി. രണ്ടോ മൂന്നോ ആൺതൊഴിലാളികളും വള്ളത്തിലുണ്ടാകും. സ്ത്രീകൾ കടലിൽ പോകുന്നത് തെറ്റെന്ന് പറഞ്ഞ് നാട്ടുകാരിൽ ചിലരാണ് എതിർപ്പുമായി വന്നത്. കടൽ ഞങ്ങൾക്ക് അമ്മയാണ്. അമ്മയുടെ അടുത്തേക്ക് പോകുന്നത് തെറ്റല്ലെന്നായിരുന്നു ദമ്പതികളുടെ ഉറച്ച നിലപാട്. ക്രമേണ എതിർപ്പുകളുടെ തിരയടങ്ങി. ആദ്യകാലത്ത് കടലിൽ പോകുമ്പോൾ മക്കളെ നോക്കാൻ രേഖയുടെ അമ്മയെത്തുമായിരുന്നു. ഇപ്പോൾ മക്കളെ തനിച്ചാക്കിയാണ് പോകുന്നത്. നാല് പെൺമക്കളിൽ മൂത്തയാൾ പ്ലസ്ടുവിന് പഠിക്കുന്നു.

നാളെ രാവിലെ 10.30 ന് കേന്ദ്ര മത്സ്യഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടക്കുന്ന മത്സ്യത്തൊഴിലാളി സംഗമത്തിൽ കേന്ദ്ര മന്ത്രി സുദർശൻ ഭഗത് കാർത്തികേയനെയും രേഖയെയും പൊന്നാട അണിയിച്ച് ആദരിക്കും. കടലിൽ കൂടുമത്സ്യ കൃഷി നടത്തുന്നതിനുള്ള പിന്തുണയും സി.എം.എഫ്.ആർ.ഐ ഇവർക്ക് നൽകുന്നുണ്ട്.

വെള്ളിയാഴ്ച രാവിലെ 10.30 ന് തുടങ്ങുന്ന മത്സ്യത്തൊഴിലാളി-മത്സ്യ കർഷക പ്രതിനിധി സംഗമത്തിൽ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് മത്സ്യത്തൊഴിലാളി-കർഷക പ്രതിനിധികളുമായും ശാസ്ത്രജ്ഞരുമായും പ്രത്യേക ചർച്ച നടത്തും.

**KAUMUDI SPECIAL**

**ഭർത്താവിനൊപ്പം കടലിൽ മത്സ്യബന്ധനത്തിന് ഇറങ്ങിയ രേഖയെന്ന യുവതിയുടെ അസാമാന്യ മനക്കരുത്തിന്റെ അത്യപൂർവ കഥ**